## കലാമണ്ഡലം എക്സക്യൂട്ടീവ് ബോർഡിന്റെയും അക്കാദമിൽ കൗൺസിൽന്റെയും പ്രഥമയോഗത്തിൽ വൈസ് ചാൻസലറുടെ ആമുഖ പ്രഭാഷണം

കേരള കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡിലെയും അക്കാദമിക് കൗൺസിലെയും ബഹുമാന്യരായ അംഗങ്ങൾക്ക് സ്വാഗതം.

കേരള കലാമണ്ഡലത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു മുഹൂർത്തമാണിത്. കക്കാട് കാരണവർ കുഞ്ഞുണ്ണി തമ്പുരാൻ, മഹാകവി വള്ളത്തോൾ, മണപ്പുറം മുകുന്ദരാജാവ് എന്നീ മൂന്ന് മഹാന്മാരുടെ അപൂർവമായ ഹൃദയസംയോഗത്തിന്റെ മധുരഫലമാണ് കേരള കലാമണ്ഡലം. 1930 നവമ്പർ ഒമ്പതാം തീയതി ഞായറാഴ്ച മഠപ്പാട്ടിലെ തെക്കിനിയിൽ തെളിഞ്ഞ കളിവിളക്ക് ലോകത്തിന് മുഴുവൻ പ്രഭ ചൊരിഞ്ഞ് പ്രകാശിച്ചുകൊണ്ടിരിക്കുന്നു. കാരണവപ്പാടിന്റെ കഥകളിക്കോപ്പുകളും മൂന്നാശന്മാരും അഞ്ചു വിദ്യാർഥികളുമായിരുന്നു അന്നുണ്ടായിരുന്നത്. ആ അസ്ഥവാരത്തിൽ പടുത്തുയർത്തിയതാണ് ഈ കാണുന്നതെല്ലാം. ഇതിന് വേണ്ടി പ്രവർത്തിച്ച അനേകം സുമനസ്സുകളുണ്ട്, കലാകാരന്മാരുണ്ട്, ഭരണാധികാരികളുണ്ട്. എല്ലാവർക്കും അഞ്ജലികൾ അർപ്പിക്കുന്നു.

കലാമണ്ഡലം ഒരു സർവകലാശാലയാകണമെന്ന് മഹാകവി ആഗ്രഹിച്ചിരുന്നു. സർവകലാശാലയാക്കാനുള്ള തുടക്കം കുറിക്കാൻ ഭാഗ്യമുണ്ടായത് അദ്ദേഹത്തിന്റെ പിൻമുറക്കാരനായ മറ്റൊരു മഹാകവിക്കാണ്. ശ്രീ. ഒ. എൻ. വി. കുറിപ്പിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് 1999 ൽ കലാമണ്ഡലത്തെ കല്പിത സർവകലാശാല പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. 14-03-2006 ലാണ് യു.ജി.സി. സർവകലാശാല പദവി അനുവദിച്ചത്. കേരള സർക്കാർ 15-05 -2007 ൽ ധാരണപത്രം അംഗീകരിക്കുകയും ഡോ. കെ. ജി. പൗലോസിനെ പ്രഥമ വൈസ് ചാൻസലറായി നിയമിക്കുകയും ചെയ്തു. 18-06-07 ൽ വൈസ് ചാൻസലർ ചുമതല ഏറ്റെടുത്തതോടെ സർവകലാശാല എന്ന സ്വപ്നം സാക്ഷാത്കൃതമായി. സർവകലാശാലയുടെ പ്രഥമഭരണസമിതിയും അക്കാദമിക് കൗൺസിലും ഇന്ന് മഹാകവിക്കും പൂർവാചാര്യന്മാർക്കും സ്മരണാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ചുമതലയേല്ക്കുകയാണ്. ചരിത്രം നമ്മിലേല്പിച്ച ദൗത്യം ആത്മാർഥതയോടെ നാം നിറവേറ്റുകയാണ്.

കലാമണ്ഡലത്തെസംബന്ധിച്ച് പ്രധാനപ്പെട്ട ചില വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1. കോഴ്സുകൾ**

പ്രാചീന രീതിയിലുള്ള ഗുരുകുല പഠനം ആധുനിക വിജ്ഞാനത്തോട് സമഞ്ജസമായി യോജിക്കുന്ന പാഠ്യപദ്ധതിയാണ് ഇവിടെ നിലവിലുത്. പ്രാഥമിക പ്രവേശനം എട്ടാം ക്ലാസിലേയ്ക്കാണ്. മൂന്ന് വർഷത്തെ ആർട്ട് ഹൈസ്കൂൾ പഠനത്തിന് ശേഷം രണ്ടുവർഷത്തെ പ്ലസ് ടു, മൂന്ന് വർഷത്തെ ബിരുദപഠനം എന്നിങ്ങനെ എട്ടുവർഷത്തെ പഠനകോഴ്സാണ് ഇവിടെയുള്ളത്. 2007 മുതൽ കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം വിഷയങ്ങളിൽ എം.എ ആരംഭിച്ചിട്ടുണ്ട്. എം. ഫിൽ, പി.എച്ച്.ഡി എന്നീ ഗവേഷണ കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. 13 വിഷയങ്ങളാണ് ബി.എ വരെ ഉള്ളത്. ആകെ 534 വിദ്യാർഥികൾ വിവിധ വിഷയങ്ങൾ പഠിക്കുന്നു.

**2. അധ്യാപകർ**

അറുപത്തിഏഴ് അധ്യാപക തസ്തികകളാണുള്ളത്. ഇവയിൽ പതിനേഴ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. താത്കാലികാടിസ്ഥാനത്തിൽ അമ്പത്തിയഞ്ച് അധ്യാപകർ പ്രവൃത്തിയെടുക്കുന്നു.

അനധ്യാപക തസ്തികകൾ നാല്പത്തിരണ്ട് എണ്ണം ഉണ്ട്. താത്കാലികാട്സ്ഥാനത്തിൽ ഇരുപത്തിയൊന്ന് പേർ പ്രവൃത്തിയെടുക്കുന്നു.

**3. പ്രസിദ്ധീകരണങ്ങൾ**

സർവകലാശാല ആയതിന്ശേഷം പ്രസിദ്ധീകരണം വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. മേളപ്പെരുക്കം, കഥകളിയിലെ സ്ത്രീവേഷങ്ങൾ, ആലോചനാമൃതം, ഈണവും താളവും, കഥകളി ആസ്വാദനം എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. കഥകളിയിലെ ഉദ്ധതകഥാപാത്രങ്ങൾ, കൈക്കൊട്ടിക്കളി, ചാക്യാർ പ്രബന്ധങ്ങൾ, നളചരിതം-ചൊല്ലിയാട്ടം, മനയോലപ്പാടുകൾ, ശൗര്യഗുണം എന്നിവ പ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടത്തിലാണ്. മുഖരാഗം എന്ന അർധവാർഷികവും പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്.

**4. ആർക്കൈവ്സ്**

ആർക്കൈവ്സിൽ ആപൂർവങ്ങളായ 300 ഓഡിയോ കാസറ്റുകളും 140 വീഡിയോ കാസറ്റുകളുമുണ്ട്. ഏറെക്കാലം ഉപയോഗിക്കാതിരുന്നതുകൊണ്ട് ഇവ ഇപ്പോൾ ഉപയോഗക്ഷമമല്ല. അവ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**5. ഡോക്കുമെന്റേഷൻ**

മോഹിനിയാട്ടത്തിന്റെ ചരിത്രവും കലാമണ്ഡലത്തിന്റെ പങ്കും ആറു മണിക്കൂർ ദൈർഘ്യത്തിൽ സി.ഡി യിൽ ആക്കിയിട്ടുണ്ട്. കഥകളി, കൂടിയാട്ടം തുടങ്ങിയവയുടെ ഡോക്യുമെന്റേഷൻ നടത്തേണ്ടതുണ്ട്. ഈ വർഷം ജന്മശതാബ്ദി ആഘോഷിക്കുന്ന വാഴേങ്കട കുഞ്ചുനായരെപ്പറ്റി ഡോക്യുമെന്ററി എടുക്കുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ട്.

**6. വസ്തുവകകൾ**

| | |
|---|---|
| വള്ളത്തോൾ നഗർ ക്യാമ്പസ് | 32 ഏക്കർ |
| നിള ക്യാമ്പസ് | 03 ഏക്കർ |
| വള്ളത്തോൾ ഭവൻ | 10 സെന്റ് |
| ഫോറിനേഴ്സ് ഹോസ്റ്റൽ | 07 സെന്റ് |

**7. സാമ്പത്തികം**

സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റാണ് കലാമണ്ഡലത്തിന്റെ പ്രധാന വരുമാനം. 2007-08 ൽ പ്ലാൻ ഫണ്ടിലും നോൺ പ്ലാൻ ഫണ്ടിലും 2 കോടി രൂപ വീതം ലഭിച്ചിരുന്നു. 2008-09 ലേയ്ക്ക് 2.20 കോടിയും പ്ലാൻ ഫണ്ടിൽ 1.7 കോടിയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഭാവി പ്രവർത്തനങ്ങൾ

കല്പിത സർവകലാശാലാപദവി കൈവന്നതോടെ കലാമണ്ഡലത്തിന് ഒട്ടേറെ കാര്യങ്ങൾ പുതിയതായി ചെയ്യേണ്ടതായിട്ടുണ്ട്.

a. **ഭരണപരം**

i അക്കാദമിക് ബ്ലോക്ക്, ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി എന്നിവയുടെ നിർമ്മാണം ഉടൻ ഏറ്റെടുക്കേണ്ടതുണ്ട്.

ii. വള്ളത്തോൾ മ്യൂസിയം നവീകരണം, കൂത്തമ്പലം നവീകരണം, കളരികൾക്ക് ചുറ്റുമതിൽ എന്നിവ ഏറ്റെടുത്തതും എന്നാൽ പൂർത്തിയാക്കിയിട്ടില്ലാത്തതുമായ പ്രവർത്തനങ്ങളാണ്. എത്രയും വേഗം അവ നടപ്പാക്കേണ്ടതുണ്ട്.

iii. അധ്യാപകർക്ക് യു.ജി.സി. സ്കെയിൽ, പുതിയ തസ്തികകൾ സൃഷ്ടിക്കുക തുടങ്ങിവയുടെ നിർദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അവയിൽ അടിയന്തിരമായി തീരുമാനമെടുക്കേണ്ടതുണ്ട്. അനധ്യാപക വിഭാഗത്തിലെ തസ്തികകൾ സർവകലാശാലാ മാതൃകയിൽ പുനഃക്രമീകരിക്കണം.

iv. സർവകലാശാല ആയി ഉയർത്തിയ സാഹചര്യത്തിൽ 12-b യിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിനും നാക്കിന്റെ അക്രഡിറ്റേഷൻ ലഭിക്കുന്നതിനുമായി ഭൗതിക പശ്ചാത്തലം ഒരുക്കേണ്ടതുണ്ട്. ഇതിനായി 10 കോടി രൂപ സ്പെഷ്യൽ ഗ്രാന്റായി സർക്കാരിൽ നിന്ന് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കണം.

**അക്കാദമികം**

i. കോഴ്സ്കളടെ പുനഃസംഘടനയാണ് അക്കാദമിക രംഗത്ത് ഉടനേ വരുത്തേണ്ട നടപടി. ഗുരുകുലച്ചിട്ടയ്ക്ക് കോട്ടം തട്ടാതെ ആധുനിക വിജ്ഞാനത്തെ ഉൾപ്പെടുത്തികൊണ്ട് എല്ലാ കോഴ്സ്കളുടെയും സിലബസ് സമഗ്രമായി പരിഷ്കരിക്കണം.

ii. ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കണം.

iii. പരീക്ഷാനടത്തിപ്പിന് ആധുനികമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം.

iv. എം. ഫിൽ/പി.എച്ച്. ഡി. ഗവേഷണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്.

v. ക്ലാസിക്കൽ കലകളുടെ പഠനത്തിന് ഉത്തമമായ മാതൃകയായി കലാമണ്ഡലത്തിലെ കോഴ്സ്കളെ കലാലോകത്തിന് മുമ്പിൽ അവതരിപ്പിക്കണം. ആയതിന് ഓരോ പഠനവിഭാഗവും സെന്റർ ഓഫ് എക്സലൻസായി മാറേണ്ടതുണ്ട്.

**സുഹൃത്തുക്കളെ,**

നമ്മുടെ മുമ്പിലുള്ള പ്രവർത്തനമേഖല വിസ്തൃതവും വെല്ലുവിളികൾ നിറഞ്ഞതുമാണ്. എങ്കിലും കൃത്യനിഷ്ഠയോടെ അതേറ്റെടുക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

ക്ലാസിക്കൽ കലകളെ സമീപിക്കേണ്ടതെങ്ങനെയെന്ന് മഹാകവി നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്- 'പഴയ ചിത്രം തുടച്ച് നമുക്ക് വൃത്തിയാക്കാം. അങ്ങനെ ചെയ്യുമ്പോൾ ഒന്ന് ശ്രദ്ധിക്കണം; നമുടെ കൈയിലെ ചെളി ചിത്രത്തിലേയ്ക്ക് പകരരുത്'.

മഹാകവിയുടെ വാക്കുകൾ നമുക്ക് മാർഗം തെളിക്കട്ടെ. എല്ലാവരെയും ഒരിക്കൽ കൂടി സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

കലാമണ്ഡലം
06-05-09

**കെ.ജി. പൗലോസ്**
**വൈസ് ചാൻസലർ**